**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 874** 04-03-2020-ലെ മറുപടി

**മംഗലം ഡാം കുടിവെള്ള പദ്ധതി**

ചോദ്യം
ശ്രീ.കെ.ഡി. പ്രസേനൻ

മറുപടി
കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ആലത്തൂർ നിയോജക മണ്ഡലത്തിലെ മംഗലം ഡാം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (എ) | പാലക്കാട് ജില്ലയിൽ ആലത്തൂർ, തരൂർ നിയോജകമണ്ഡലത്തിൽപ്പെട്ട വണ്ടാഴി, വടക്കഞ്ചേരി, കിഴക്കഞ്ചേരി, കണ്ണമ്പ്ര എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി ഒന്നാം പാക്കേജിന് 17.95 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ മംഗലം ഡാം നക്ഷത്ര ബംഗ്ലാവിന് സമീപം 24.50 ദശലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ജലശുദ്ധീകരണശാലയും അനുബന്ധഘടകങ്ങളും 24.50 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല ജലസംഭരണി, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, ട്രാൻസ്ഫോർമർ സബ്സ്റ്റേഷൻ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു. ഇതിൽ ഉൾപ്പെട്ട ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിന്റെ ഘടകങ്ങളായ ഫിൽട്ടർ ഹൗസ്, ക്ലാരിഫയർ (1, 2), സമ്പ്, കെമിക്കൽ ഹൗസ് എന്നിവയുടെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. നിലവിൽ പ്രവൃത്തികൾ 48% പൂർത്തീകരിച്ചു. 31-10-2020 ൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്.<br><br>ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെട്ട കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിലെ താഴ്ന്ന പ്രദേശത്ത് ജലവിതരണം നടത്തുന്നതിനായുള്ള 24.5 ലക്ഷം ലിറ്റർ ജലസംഭരണിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>രണ്ടാം പാക്കേജിൽ ഉൾപ്പെടുത്തി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ റോ വാട്ടർ പമ്പിംഗ് മെയിൻ, റോ വാട്ടർ പമ്പ് സെറ്റ്, കൺട്രോൾ റൂം എന്നീ ഘടകങ്ങൾക്ക് സാങ്കേതികാനുമതി നൽകി. ആയതിന്റെ ടെണ്ടർ ക്ഷണിച്ചെങ്കിലും കരാറുകാർ ആരും പങ്കെടുക്കാത്തതിനാൽ റദ്ദ് ചെയ്തു. ഫ്ളോട്ടിംഗ് ഇൻടേക്ക് സ്ട്രക്ച്ചർ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കിവരുന്നു. 31-12-2020 ൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്.<br><br>മേൽ പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഓരോ പഞ്ചായത്തിലേക്കുമുള്ള ജലസംഭരണികൾ, പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, പമ്പ് സെറ്റുകൾ എന്നിവ ഉൾപ്പെടുന്നു. ആയതിന് 69.54 കോടി രൂപയ്ക്ക് കിഫ്ബി 2017-18 ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തികളുടെ ഭാഗമായി നിർമ്മിക്കേണ്ട ജലസംഭരണികളുടെ സ്ഥലം ഏറ്റെടുക്കൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**